## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.487    19.11.2019-ൽ മറുപടിക്ക്**

## ഇ-വേ ബിൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.സി.കമറുദ്ദീൻ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.അബ്ദുൽ ഹമീദ്.പി | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ ഇല്ലാതെയും ബില്ലിൽ കൃത്രിമം കാണിച്ചും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ചരക്കുകൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇ-വേ ബിൽ ഇല്ലാതെയും ബില്ലിൽ കൃത്രിമം കാണിച്ചും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ചരക്കുകൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കിയതോടനുബന്ധിച്ച് അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയെങ്കിലും സംസ്ഥാനത്തിനകത്തേക്ക് വരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കി നികുതി വെട്ടിപ്പിന്റെ പഴുതുകൾ അടച്ചുവരുന്നു. കൂടാതെ ഇ-വേ ബില്ലോ മതിയായ രേഖകളോ ഇല്ലാതെ വരുന്ന ചരക്ക് വാഹനങ്ങൾക്ക് നികുതിയും പിഴയും ഈടാക്കി വരുന്നു. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നത് മൂലം ചരക്ക് സേവന നികുതിയിൽ നികുതി വെട്ടിപ്പ് തടയുന്നതിനും തദ്വാര നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാഹചര്യം സൃഷ്ടിച്ചു. |
| (ബി) | എങ്കിൽ നികുതി വെട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) | നികുതി വെട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. രാജ്യത്ത് ജി.എസ്.ടി നിലവിൽ വന്ന ശേഷം സംസ്ഥാന അതിർത്തികളിൽ നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് അതിർത്തി കടന്നുവരുന്ന ചരക്ക് വാഹനങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർവൈലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന ചരക്കു നീക്കങ്ങളോടൊപ്പം സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങളും നിരീക്ഷണ വിധേയമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് സ്ക്വാഡുകൾ ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്നതിൽ കർശന പരിശോധന നടത്തിവരുന്നു.<br>2. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത നടപടികളിലൂടെ എത്രത്തോളം നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത നടപടികളിലൂടെ നികുതിയും പിഴയും ഉൾപ്പെടെ 11.35 കോടി രൂപ (ഇ-വേ പരിശോധനയിലൂടെ) 30.09.2019 വരെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.